പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സുരക്ഷാപരിശോധന നടത്തിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്നും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാറിലെ അണക്കെട്ടിന്റെ സുരക്ഷയ്ക്കായി കേന്ദ്രസേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലായെന്നും ഇതിലേയ്ക്കായുള്ള തമിഴ്നാടിന്റെ വാദഗതികൾ പരിഗണനാർഹമല്ലെന്നും കേന്ദ്രസർക്കാരിനെ അറിയി ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി വിശദവിവരങ്ങൾഅറിയിച്ചുകൊണ്ട് ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിനുള്ള തീവ്രവാദി ഭീഷണി

173 (3608) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ ;

(ബി) മുല്ലപ്പെരിയാറിന് തീവ്രവാദ ഭീഷണയുണ്ടെന്ന് കാണിച്ച് തമിഴ് നാട് സർക്കാർ ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പി ച്ചിട്ടുള്ളതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്ത മാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പദ്ധതിയുടെ സാദ്ധ്യതാ റിപ്പോർട്ടും വിശദമായ പദ്ധതി റിപ്പോർട്ടും (Feasibility and Detailed Project Reports) തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പി ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനുമുമ്പ് വനം പരിസ്ഥിതി വകുപ്പുകളുടെയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടേയും അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ ഒരംഗീകൃത ഏജൻസിയെക്കൊണ്ടുതന്നെ പരിസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ആഘാതപഠനം നടത്തുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനും ഇതിനായുള്ള ശുപരേഖയ്ക്ക് (ToR) അംഗീകാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശകൂടി കണക്കിലെടുത്ത് പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതി ചീഫ് വൈൽഡ് ലൈഫ് വാർഡനിൽനിന്നും ലഭ്യമാക്കി യിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിനുള്ള ശുപരേഖ (ToR) തയ്യാറാക്കി കേന്ദ്ര സർക്കാർ ഏജൻസിയായ Expert Appraisal Committee-യുടെ അംഗീകാരം വാങ്ങുന്നതിനായി സമർപ്പിച്ചിരുന്നു. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ ശുപരേഖ അംഗീകരിക്കുന്നതിനായി കേരളം സമർപ്പിച്ച അപേക്ഷയിന്മേലുള്ള തീരുമാനം നീട്ടിവയ്ക്കാനാണ് Expert Appraisal Committee 4-6-2015-ൽ കൂടിയ യോഗത്തിൽ നിശ്ചയിച്ചിട്ടുള്ളത്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള എല്ലാ അനുമതികളും അംഗീകാരവും എത്രയും പെട്ടെന്ന് ലഭ്യമാക്കി തുടർനടപടികൾ നിയമാനുസരണം സ്വീകരിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

(ബി) പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി ആഘാത പഠനത്തിനുള്ള നടപടികളിൽനിന്നും കേരളത്തെ പിന്തിരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീം കോടതി മുമ്പാകെ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിന്മേൽ സമർപ്പിച്ച Additional Affidavit-നോടാപ്പം; മുല്ലപ്പെരിയാറിലെ സുരക്ഷാ പരിശോധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഹാജരാക്കിയതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച നിയമപരമായ തുടർനടപടികൾ നിയമവിദഗ്ധരുമായി കൂടിയാലോചിച്ചശേഷം സ്വീകരിക്കാൻ കഴിയുന്നതാണ്. മുല്ലപ്പെരിയാറിലെ സുരക്ഷാ ജോലികൾക്കായി കേന്ദ്രസേനയെ (CISF നെ) നിയോഗിക്കേണ്ട ആവശ്യമില്ലെന്നും പ്രസ്തുത ജോലികൾ കേരള പോലീസ് തന്നെ ചെയ്യുന്നതാണ് ഉത്തമമെന്നുമുള്ള വിവരങ്ങൾ ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയേയും കേന്ദ്രസർക്കാരിനെയും അറിയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly